**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5415** **05-07-2024 - ൽ മറുപടിയ്ക്ക്**

**സേഫ് കേരള പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച എ.ഐ ക്യാമറകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച എ.ഐ. ക്യാമറകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്യാമറകളുടെ അറ്റകുറ്റപണി ആരുടെ ചുമതലയാണ്; | (ബി) | എ.ഐ. ക്യാമറകളുടെ അറ്റകുറ്റപ്പണി കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | അറ്റകുറ്റപ്പണി നടത്താൻ ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾ ആയത് കാര്യക്ഷമായി നിർവഹിക്കുന്നുണ്ടോയെന്ന് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | (സി) | പരിശോധിച്ചിട്ടുണ്ട്. ക്യാമറകളുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനും ക്യാമറകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനു മായി 14 ജില്ലകളിൽ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ നേതൃത്വത്തിൽ കൺട്രോൾ റൂമുകൾ പ്രവർത്തിച്ചുവരുന്നു . ടി കൺട്രോൾ റൂമുകളിൽ ടി ക്യാമറകളെ സംബന്ധിച്ച് ദിവസേനയുള്ള റിപ്പോർട്ടുകളും, പ്രതിമാസറിപ്പോർട്ടും, ത്രൈമാസറിപ്പോർട്ടുകളും തയ്യാറാക്കി പരിശോധിക്കാറുണ്ട് . സേഫ് കേരള പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ 29/06/2024 വരെ 68,88,579 നിയമലംഘനങ്ങൾ കണ്ടെത്തുകയും 67,57,949 എണ്ണം ഇ-ചെലാനുകൾ തയ്യാറാക്കുകയും തയ്യാറാക്കുകയും 80,58,26,500/ - രൂപ പിഴയായി സർക്കാർ ഖജനാവിൽ എത്തുകയും ചെയ്തിട്ടുണ്ട്. എ.ഐ.ക്യാമറകളുടെ Real Time Health Monitoring സംവിധാനം ഏർപ്പെടുത്തുന്നതിന് കെൽട്രോണിനു നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ